## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3756 19.03.2018 – ൽ മറുപടിക്ക്

## വെണ്ടുരുത്തി പാലം ഉപയോഗശൂന്യമാകുന്നത് തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് : | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പുതിയ പാലം ഗതാഗതയോഗ്യമായതോടെ, കൊച്ചി നഗരത്തേയും പശ്ചിമ കൊച്ചിയെയും ബന്ധിപ്പിച്ചിരുന്ന പഴയ വെണ്ടുരുത്തി പാലത്തിലൂടെയുള്ള ഗതാഗതം നിരോധിക്കുകയും ആയത് അറ്റകുറ്റപ്പണികൾ നടത്താതെ ഉപയോഗശൂന്യമാകുകയും ചെയ്യുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;<br><br>(ബി) ഈ പാലം എന്തുചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;<br><br>(സി) പ്രസ്തുത പാലത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തി ആയത് ഇരുചക്ര വാഹന ഗതാഗതത്തിനായി ഉപയോഗിക്കാനുള്ള ആവശ്യം ഉയർന്നുവന്നിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ), (ബി) & (സി) 1936 - ൽ നിർമ്മിച്ച ടി പാലം കാലപ്പഴക്കം കൊണ്ടു 2004 - ലും 2007 - ലും ബാർജ് ഇടിച്ചതുമൂലമുള്ള ആഘാതം കൊണ്ടും ചില ഭാഗങ്ങൾ അടർന്നു പോകുകയും ചെയ്തതുകാരണമാണ് പുതിയ പാലം നിർമ്മാണം ആരംഭിക്കുകയും പഴയ പാലം വഴിയുള്ള ഗതാഗതം നിരോധിക്കുകയും ചെയ്തത്. പഴയ പാലത്തിന്റെ structural stability സംബന്ധിച്ചും, സുരക്ഷിതത്വം സംബന്ധിച്ചും വ്യക്തമായ പഠനം നടത്തിയാൽ മാത്രമേ ടി പാലം അറ്റകുറ്റപ്പണി ചെയ്ത് സംരക്ഷിക്കുന്നതിനും മറ്റു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും സംബന്ധിച്ച് വ്യക്തത നൽകുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ